കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 17 | 2023 |
|---|---|



1199 വൃശ്ചികം 1 വെള്ളി

# പത്രക്കുറിപ്പ്1

www.prd.kerala.gov.in, Sabarimala.kerala.gov.in

sabarimalamediacenter@gmail.com ഫോൺ: 0468-2222657

---

**വൃശ്ചിക പുലരിയിൽ അയ്യനെ കണ്ട് ആയിരങ്ങൾ**

മണ്ഡല പൂജയ്ക്കു തുടക്കം കുറിച്ച് വൃശ്ചിക പുലരിയിൽ ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര സന്നിധാനത്ത് ദർശനത്തിനായി എത്തിയത് ആയിരക്കണക്കിന് അയ്യപ്പന്മാർ. ആന്ധ്ര, തെലുങ്കാന, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പന്മാരാണ് വലിയ തോതിൽ എത്തിയിട്ടുള്ളത്. മണികണ്ഠന്മാരും കൊച്ചു മാളികപ്പുറങ്ങളും അയ്യപ്പന്മാർക്കും മാളികപ്പുറങ്ങൾക്കുമൊപ്പമുണ്ട്. സുഖദർശനത്തിനായി മികച്ച ക്രമീകരണമാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ദേവസ്വം ബോർഡും വിവിധ വകുപ്പുകളും സന്നദ്ധ സംഘടനകളും ചേർന്ന് ഏർപ്പെടുത്തിയിട്ടുള്ളത്. പുലർച്ചെ മൂന്നു മണിക്കു നട തുറന്നപ്പോൾ ദർശനത്തിനായി അയ്യപ്പന്മാരുടെ വലിയ നിര വലിയ നടപ്പന്തലിലും സോപാനത്തും ഇടംപിടിച്ചിരുന്നു. രാവിലെ അഭിഷേകം, ഗണപതിഹോമം, ഉഷപൂജ എന്നിവ നടന്നു. സവിശേഷമായ നെയ്യ് അഭിഷേകം നടത്തി മനം നിറഞ്ഞാണ് തീർഥാടകർ മടങ്ങിയത്.

ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ, എംഎൽഎമാരായ അഡ്വ. പ്രമോദ് നാരായൺ, അഡ്വ. കെ.യു. ജനീഷ് കുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ദേവസ്വം സ്പെഷ്യൽ സെക്രട്ടറി എം ജി രാജമാണിക്യം, അംഗങ്ങളായ അഡ്വ.എ അജികുമാർ, സുന്ദരേശൻ, ശബരിമല എഡിഎം സൂരജ് ഷാജി എെ എ എസ്, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ആർ. അജിത് കുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപത്തിൽ ഭക്ഷണം സൗജന്യമായി നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിപുലമായ ക്രമീകരണം തീർഥാടകർക്ക് വലിയ അനുഗ്രഹമാണ്. തീർഥാടകർ എത്തുന്ന മുറയ്ക്ക് ഉപ്പുമാവും ഉരുളക്കിഴങ്ങുകറിയും ചെറു ചൂടുള്ള കുടിവെള്ളവും രാവിലെ ഇവിടെ വിതരണം ചെയ്യു. സന്നിധാനത്ത് ഏർപ്പെടുത്തിയിട്ടുള്ള പോലീസിന്റെ സുരക്ഷാ ക്രമീകരണം തീർഥാടകർക്ക് വലിയ സഹായമായി മാറിയിട്ടുണ്ട്. പോലീസിന്റെ മികച്ച ക്രമീകരണം മൂലം ദർശനത്തിനായി അധികസമയം തീർഥാടകർക്ക് കാത്തു നിൽക്കേണ്ടി വരുന്നില്ല.

ദർശനം നടത്തി വഴിപാടുകൾ കഴിച്ച് നെയ്യ് അഭിഷേകവും നടത്തിയാണ് അയ്യപ്പന്മാർ മടങ്ങുന്നത്. മലകയറി വരുന്ന തീർഥാടകർക്ക് വിവിധ സ്ഥലങ്ങളിലായി ചെറു ചൂടുള്ള ഔഷധ കുടിവെള്ളം വിതരണം ചെയ്യുന്നതിനു ദേവസ്വം ബോർഡ് മികച്ച ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

നിലയ്ക്കൽ ബേയ്സ് ക്യാമ്പിൽ വിരിവയ്ക്കുന്നതിനും വാഹന പാർക്കിംഗിനും ഉൾപ്പെടെ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയതും തീർഥാടകർക്ക് ഏറെ ഗുണകരമായി മാറിയിട്ടുണ്ട്. തീർഥാടകർ എത്തുന്ന മുറയ്ക്ക് നിലയ്ക്കൽ നിന്നു പമ്പയിലേക്കും തിരിച്ചും കെഎസ്ആർടിസി ആവശ്യത്തിന് സർവീസ് നടത്തുന്നുണ്ട്.

**ശബരിമലയിൽ ദേവസ്വം ബോർഡിന്റെ അന്നദാനം തുടങ്ങി**

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തോട് അനുബന്ധിച്ച് ദേവസ്വം ബോർഡിന്റെ സന്നിധാനത്തെ അന്നദാന മണ്ഡപത്തിൽ സൗജന്യ ഭക്ഷണ വിതരണം ആരംഭിച്ചു. അന്നദാനത്തിന്റെ ഉദ്ഘാടനം ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ അയ്യപ്പന്മാർക്ക് പ്രഭാത ഭക്ഷണം വിളമ്പി നിർവഹിച്ചു. മൂന്നു നേരവും ഇവിടെ നിന്നും ഭക്ഷണം ലഭിക്കും. രാവിലെ ആറര മുതൽ 11 വരെ ഉപ്പുമാവും, കിഴങ്ങുകറിയും, ചായയും. 12 മുതൽ ഉച്ചകഴിഞ്ഞ് നാലുവരെ പുലാവും സാലഡും അച്ചാറും ഉൾപ്പെടുന്ന ഉച്ചഭക്ഷണവും, വൈകുന്നേരം ആറര മുതൽ കഞ്ഞിയും ലഭിക്കും. ഒരേ സമയം 5000 പേർക്ക് ഭക്ഷണം നൽകാൻ കഴിയുന്നതാണ് ദേവസ്വം ബോർഡ് അന്നദാന മണ്ഡപം. ദേവസ്വം ബോർഡു പ്രസിഡന്റും, എം എൽ എ മാരും അന്നദാനം വിതരണം ചെയ്യു.

ഉദ്ഘാടന ചടങ്ങിൽ എംഎൽഎമാരായ അഡ്വ. പ്രമോദ് നാരായൺ, അഡ്വ. കെ.യു. ജനീഷ് കുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ദേവസ്വം സ്പെഷ്യൽ സെക്രട്ടറി എം ജി രാജമാണിക്യം, അംഗങ്ങളായ അഡ്വ.എ അജികുമാർ, സുന്ദരേശൻ, ശബരിമല എഡിഎം സൂരജ് ഷാജി എെ എ എസ്, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ആർ. അജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

**ശബരിമലയിൽ മീഡിയ സെന്റർ പ്രവർത്തനം തുടങ്ങി**

ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര സന്നിധാനത്തെ മീഡിയ സെന്റർ ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യു.

മണ്ഡല- മകരവിളക്ക് കാലത്ത് സർക്കാർ വകുപ്പുകളും ദേവസ്വം ബോർഡും വിവിധ

ഏജൻസികളും ശബരിമലയിൽ നടത്തുന്ന സേവന പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മീഡിയ സെന്ററിൽ നിന്ന് മാധ്യമങ്ങൾ മുഖേന പൊതുസമൂഹത്തിനു ലഭ്യമാക്കും. തീർഥാടകർക്ക് ആവശ്യമുള്ള വിവരവിനിമയപ്രവർത്തനങ്ങളും മീഡിയ സെന്റർ മുഖേന നടക്കും. വലിയ നടപ്പന്തലിലെ ശാസ്താ ഓഡിറ്റോറിയത്തിനു സമീപമാണ് മീഡിയ സെന്റർ.

എംഎൽഎമാരായ അഡ്വ. പ്രമോദ് നാരായൺ, അഡ്വ. കെ.യു. ജനീഷ് കുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ദേവസ്വം സ്പെഷ്യൽ സെക്രട്ടറി എം ജി രാജമാണിക്യം, അംഗങ്ങളായ അഡ്വ.എ അജികുമാർ, സുന്ദരേശൻ, ശബരിമല എഡിഎം സൂരജ് ഷാജി എെ എ എസ്, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ആർ. അജിത് കുമാർ, പത്തനംതിട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർ ശ്രീകാന്ത് എം ഗിരിനാഥ്, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.